**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **18-01-2021 - ൽ മറുപടിയ്ക്ക്**

**വാടനാംകുറിശ്ശി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | വാടനാംകുറിശ്ശി റെയിൽവേ മേൽപ്പാലം ഏതു വർഷത്തെ സംസ്ഥാന ബജറ്റിൽ ആണ് പ്രഖ്യാപിച്ചത്; അതിനുശേഷം മേൽപ്പാലം നിർമ്മാണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പുരോഗതി ഘട്ടംഘട്ടമായി വിശദീകരിക്കാമോ; | (എ) | വാടാനംകുറിശ്ശി റെയിൽവേ മേൽപ്പാലം 2016-2017 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. കിഫ്ബി 27.07.2017 ലെ ഓർഡർ നം. APR-2/136/2017/KIIFB മുഖേന പദ്ധതി അംഗീകരിക്കുകയും 30.09 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ആരാണ് നിർവ്വഹിക്കുന്നത്; ഈ പ്രവൃത്തിയുടെ കരാർ ആർക്കാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര തുകയ്ക്കാണ് കരാർ ലഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; ഈ പാലത്തിന്റെ ഘടനയും നീളവും വീതിയും അടക്കമുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | ആർ.ബി.ഡി.സി.കെ.യാണ് ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല നിർവ്വഹിക്കുന്നത്. M/s. SPL Infrastructure Pvt. Ltd എന്ന കമ്പനിയാണ് 29.01 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്തിട്ടുള്ളത്. മേൽപ്പാലത്തിന്റെ ആകെ നീളം ഇരു വശങ്ങളിലുമുള്ള അപ്രോച്ച് റോഡ് ഉൾപ്പെടെ 680 മീറ്ററും പാലത്തിന്റെ മാത്രം നീളം 348 മീറ്ററും ഫുട്ട്പാത്ത് ഉൾപ്പെടെ പാലത്തിന്റെ മൊത്തം വീതി 10.15 മീറ്ററുമാണ്. |
| (സി) | ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്റ്റാറ്റസ് വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | (സി) | 04.01.2021 ന് M/s. SPL കമ്പനി കരാറിൽ ഒപ്പിട്ടു. നിർമ്മാണ കാലാവധി 12 മാസമാണ്. |
| (ഡി) | റെയിൽവേ മേൽപ്പാലത്തിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂവുടമകൾക്ക് നഷ്ടപരിഹാരം ഇതിനകം നൽകിയിട്ടുണ്ടോ? | (ഡി) | ഈ മേൽപ്പാല നിർമ്മാണത്തിനായി 19 ഭൂവുടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടത് 43.46 ആർ സ്ഥലമാണ്. അതിൽ 17 ഭൂവുടമകളിൽ നിന്നായി 42.70 ആർ ഭൂമി ഏറ്റെടുക്കുകയും അതിനുള്ള നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയുടെ കൈവശം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ